(എ) ആരോഗ്യവകുപ്പിലെ പെരുമാറ്റച്ചട്ടം പരിഷ്കരിക്കുവാൻ ഗവൺമെൻറ് വല്ല കമ്മീഷനെയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത്;

(സി) കമ്മീഷൻറെ റിപ്പോർട്ടിലെ ഉള്ളടക്കം മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്

69 [107] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള പരിപാടികൾ എത്രത്തോളമായി;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിൻറെ ആസ്ഥാനം എവിടെയായിരിക്കും;

(സി) ഇതിൻറെ പ്രവർത്തനം എന്നു തുടങ്ങും;

(ഡി) ഇതിൻറെ നിർമ്മാണത്തിന് കേന്ദ്രസർക്കാരിൻറെ സാമ്പത്തിക സഹായം എന്തുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെൻറ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് പൂജപ്പുരയിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) തിരുവനന്തപുരം ആയുർവേദ കോളേജിനോടനുബന്ധിച്ചുള്ള ബിരുദാനന്തര പഠന കേന്ദ്രവും ചെറുതുരുത്തിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പൂജപ്പുരയിൽ പ്രവർത്തിക്കുന്ന റീജിയണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും, ഫാർമകോഗ്നോസി യൂണിറ്റും, ബൊട്ടാണിക്കൽ ഗാർഡനും, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ഫാർമക്കോളജി യൂണിറ്റും, തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജിൽ പ്രവർത്തിക്കുന്ന പബ്ലിക്കേഷൻ ഡിവിഷനും കൂടി ചേർത്ത് ഒരു യൂണിറ്റിൻറെ കീഴിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. മേൽ കാണിച്ച എല്ലാ യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിക്കുന്നവയാണ്. ഇവ ഒരു കേന്ദ്രത്തിൻറെ കീഴിൽ കൊണ്ടുവരുന്നതിനുള്ള വിശദാംശങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെൻറുദ്യോഗസ്ഥൻമാർ ചർച്ചചെയ്യുകയും ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് ഇതിന് അനുമതി നൽകിക്കഴിഞ്ഞു. കേന്ദ്രഗവൺമെൻറിൻറെ അനുമതികൂടി ലഭിച്ചാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൻറെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽ പ്രസ്താവിച്ച പ്രകാരം ഇപ്പോളുദ്ദേശിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും നടത്തുന്ന വിവിധ യൂണിറ്റുകളും ചേർന്നുള്ളവയാണ്. ഇവയുടെ ആവർത്തനച്ചെലവ് അതേ അനുപാതത്തിൽത്തന്നെ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും വഹിക്കാനും, കെട്ടിടംപണി മുതലായ അനാവർത്തനച്ചെലവുകളിൽ 100 കിടക്കകളോടുകൂടിയ ഒരു ആശുപത്രി പണിയുന്നതിൻെറ പകുതിച്ചെലവ് സംസ്ഥാന ഗവൺമെൻറും ബാക്കി പകുതി കേന്ദ്ര ഗവൺമെൻറും, വിദ്യാർത്ഥികൾക്കു വേണ്ട ഹോസ്റ്റൽ കെട്ടിടം പണിയുന്നതിനുള്ള ചെലവ് കേന്ദ്രഗവൺമെൻറ് വഹിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ട മറ്റുകെട്ടിടങ്ങളും സ്ഥലവും കൊടുക്കേണ്ട ചുമതല സംസ്ഥാന ഗവൺമെൻറിനാണ്.

## ആയുർവേദ ഔഷധ നിർമ്മാണം

70 [108] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും വിലവർദ്ധനവുണ്ടാകാതിരിക്കാനും ആയുർവേദ ഔഷധനിർമ്മാണത്തിനും എന്തെങ്കിലും പദ്ധതിയാവിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ആയുർവേദ ഔഷധത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി സ്റ്റാൻേറർഡ് ക്വിപ്തമായി നിശ്ചയിക്കുന്നതിനുവേണ്ടി ഡ്രഗ്സ് സ്റ്റാൻറൈഡെസേഷൻ യൂണിറ്റ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ ഔഷധങ്ങളുടെ വിലവർദ്ധനവ് നിയന്ത്രണത്തിലാവുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയുമെന്ന ലക്ഷ്യത്തോടെയാണ് പൊതുമേഖലാ സ്ഥാപനമായ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ സ്ഥാപിച്ചത്.. കോർപ്പറേഷൻവഴി മെച്ചപ്പെട്ട ഔഷധങ്ങൾ താരതമ്യേന കുറഞ്ഞ വിലയ്ക്ക് ഗവൺമെൻറ് സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷൻെറ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആയുർവേദ ഔഷധങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിന് ഇപ്പോഴുള്ള സംവിധാനമുപയോഗിച്ച് ഒരു പരിധിവരെ കഴിയുന്നുണ്ട്. ആയുർവേദത്തിനുള്ള ദേശീയ ഗവേഷണ കൗൺസിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഫാർമാകോപിയൻ സ്റ്റാൻഡേർഡ് ഫോർ ആയുർവേദിക് ഫോർമുലേഷൻസ് എന്നതിൽ പറഞ്ഞിട്ടുള്ള ഔഷധങ്ങൾ പരിശോധിച്ച് വിലയിരുത്തി മായംചേർക്കൽ തടയുന്നതിനുള്ള നടപടികൾ ഇപ്പോഴത്തെന്നെ നടത്തിവരുന്നുണ്ട്. കഷായം, അരിഷ്ടം എന്നിവയിൽ ചേർത്തിട്ടുള്ള ഘടകങ്ങൾ പരിശോധിക്കുന്നതിന് തൽക്കാലം ചട്ടങ്ങളും സംവിധാനവുമില്ല. ഔഷധ പരിശോധനാവിഭാഗമായ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽത്തന്നെ ആയുർവേദ യൂണിറ്റ് വികസിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly